# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1262** 04.02.2019 -ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ആർ.രാമചന്ദ്രൻ** | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാലയങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവിദ്യാർത്ഥികൾ ക്കാണ് ഉച്ചഭക്ഷണം നൽകുന്നതെന്നും ഇതിൽ ഒരു വിദ്യാർത്ഥിക്ക് ഏതെല്ലാം ഭക്ഷണങ്ങളാണ് നൽകുന്നതെന്നും വിശദമാക്കാമോ; | എ) സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾ, സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന, (പി.ടി.എ. നടത്തുന്നതുൾ പ്പെടെ ) അംഗീകാരമുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾ മൾട്ടി ഗ്രേഡ് ലേണിംഗ് സെൻറർ/ബദൽ സ്കൂളുകളിലെ കുട്ടികൾ, സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ടെക്നിക്കൽ ഹൈസ്കൂളിലെ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നത്.<br>ഉച്ചഭക്ഷണത്തിന് കുട്ടികൾക്ക് ചോറിനൊടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകുന്നു. വിവിധതരം പയർവർഗ്ഗങ്ങൾ , പച്ചക്കറികൾ, ഇലക്കറികൾ , എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തക്ക വിധത്തിലാണ് കറികളും വിഭവങ്ങളും തയ്യാറാക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കുട്ടികളുടെ താൽപര്യം കണക്കിലെടുത്തും മൽസ്യം/മാംസാഹാരം എന്നിവ മെനുവിൽ ഉൾപ്പെടു ത്തുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്ന എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം മുട്ടയും, രണ്ട് ദിവസം പാലും (150 മില്ലി ലിറ്റർ വീതം) നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) അതിനായി ഒരു കുട്ടിക്ക് ലഭിക്കുന്ന അരിയുടെയും അനുബന്ധ വസ്തുക്കൾക്കായി അനുവദിച്ചിട്ടുള്ള തുകയുടെയും കണക്ക് ലഭ്യമാക്കാമോ; | ബി) 1 മുതൽ 5 വരെയുള്ള വിദ്യാർത്ഥികളെ പ്രൈമറി വിഭാഗത്തിൽ ഉൾപ്പെടുത്തി കുട്ടിയൊന്നിന് പ്രതിദിനം 100 ഗ്രാം അരിയും 6 മുതൽ 8 വരെയുള്ള വിദ്യാർത്ഥികളെ അപ്പർ പ്രൈമറി വിഭാഗത്തിൽ ഉൾപ്പെടുത്തി കുട്ടിയൊന്നിന് പ്രതിദിനം 150 ഗ്രാം അരിയും അനുവദിച്ചുവരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ അരി എഫ്.സി.ഐ മുഖാന്തിരം കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ഫെയർ ആവറേജ് ക്വാളിറ്റി (FAQ) വിഭാഗത്തിൽപ്പെടുന്ന പ്രസ്തുത അരിയുടെ വില കിലോയ്ക്ക് 3/- രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. |

അനുബന്ധ വസ്തുക്കൾക്കായി പാചക ചിലവിനത്തിൽ താഴെ പറയും വിധം തുക അനുവദിക്കുന്നു.

I) 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 8/-രൂപ.

ii) 151 മുതൽ 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്ന് 151 മുതൽ 500 വരെ വരുന്ന 350 കുട്ടികൾക്ക് പ്രതിദിനം കുട്ടിയൊന്നിന് 7 രൂപയും.

iii) 500 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്നുള്ള 350 കുട്ടികൾക്ക് (151 മുതൽ 500 വരെ) കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപയും 500 ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപയും.

100 കുട്ടികൾ വരെയുള്ള സ്കൂളുകൾക്ക് കുട്ടിയൊന്നിന് പ്രതിദിനം അനുവദിക്കുന്ന നിലവിലെ നിരക്കായ 8/- രൂപ 9/- രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | സർക്കാർ ചെലവിൽ പ്രഭാത ഭക്ഷണം നൽകുന്നുണ്ടോ എന്ന് വിശദീകരിക്കുമോ; | സി) | സ്കൂളുകളിലെ പ്രഭാത ഭക്ഷണ പരിപാടി സർക്കാർ പദ്ധതിയല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തിയോ, സ്കൂൾ പി.ടി.എ, ചാരിറ്റബിൾ സൊസൈറ്റികൾ , സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താലോ നിലവിൽ സംസ്ഥാനത്ത് 1667 സ്കൂളുകളിൽ പ്രഭാത ഭക്ഷണ പരിപാടി നടന്നുവരുന്നു. |
| ഡി) | ഉച്ചഭക്ഷണ പദ്ധതി പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ഡി) | ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് നടപ്പിലാക്കുന്നത്. നിലവിൽ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികളാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നത് നിലവിൽ ആലോചനയിലില്ല. |

സെക്ഷൻ ഓഫീസർ